ക്ലാസ് **5**

യൂണിറ്റ് **2**

പീരീഡ്  **5**

# വ്യാധികൾ പടരാതിരിക്കാൻ

പഠനലക്ഷ്യം

1 .നിരീക്ഷണം , വിവരശേഖരണം,വിശകലനം എന്നിവയിലൂടെ രോഗങ്ങൾ പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ കണ്ടെത്തി സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും വർഗീകരിക്കുന്നു.
2 .നിരീക്ഷണം , വിശകലനം എന്നിവയിലൂടെ രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും നിർമ്മാർജന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കഴിയുന്നു.

പഠനനിലവാര സൂചകങ്ങൾ

1.മണ്ണ്,വായു,ജലം,ഭക്ഷണം എന്നിവയിലൂടെ സൂക്ഷ്മജീവികൾ ശരീരത്തിനുള്ളിൽ പ്രവേശിക്കുന്നു എന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു .
2 .രോഗാണു വാഹകരിൽ നിന്നും സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്നു.ഈച്ച , കൊതുക്  ,എലിച്ചെള്ള് ,വവ്വാൽ തുടങ്ങി ധാരാളം ജീവികൾ രോഗാണു വാഹകരിൽ പെടും.
3 .രോഗാണുവാഹകർ പെരുകുന്ന സാഹചര്യങ്ങൾ നിരീക്ഷിച്ച് വിശദീകരിക്കാൻ കഴിയുന്നു.
4 .രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ നിരീക്ഷിച്ച് കണ്ടെത്തുകയുംവിശകനലം ചെയ്ത് നിർമ്മാർജന മാർഗങ്ങൾ നിർദ്ദേശിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നു.

ശേഷികൾ /നൈപുണികൾ

നിരീക്ഷണം

- ചിത്ര നിരീക്ഷണം ,പരിസര നിരീക്ഷണം

ദത്തങ്ങൾ ശേഖരിക്കൽ വിശകലനം ചെയ്യൽ പട്ടികപ്പെടുത്തൽ

- രോഗകാരികളായ സൂക്ഷ്മജീവികൾ മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്ന മാർഗങ്ങൾ.
- രോഗാണുവാഹകർ പെരുകുന്ന സാഹചര്യങ്ങൾ കണ്ടെത്തുകയും ശേഖരിച്ച വിവരങ്ങൾ വിശകലനംചെയ്ത് പട്ടികപ്പെടുത്തുകയും ചെയ്യുന്ന

നിഗമനത്തിലെത്തൽ

- സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്നത് വിവിധ മാർഗങ്ങളിലൂടെ ആണ്.
- രോഗകാരികളായ സൂക്ഷ്മജീവികളെ നമ്മുടെ ശരീരത്തിൽ എത്തിക്കുന്ന ജീവികളാണ് രോഗാണുവാഹകർ.

തീരുമാനമെടുക്കൽ

- പകർച്ചവ്യാധികൾ പകരാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ നടപ്പിലാക്കാൻ തീരുമാനമെടുക്കുന്നു.
- രോഗാണു വാഹകരായ ജീവികളെ അകറ്റിനിർത്താൻ ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മൂല്യം/ മനോഭാവം

- പരിസര ശുചിത്വം പാലിച്ചുകൊണ്ട് രോഗാണു വാഹകരായ ജീവികളെ അകറ്റിനിർത്താൻ ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം രൂപപ്പെടുന്നു.

ആവശ്യ സാമഗ്രികൾ

- ക്രോഡീകരണ ചാർട്ടുകൾ- സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധവും രോഗങ്ങളും
- ചിത്രങ്ങൾ , വീഡിയോകൾ - രോഗാണു വാഹകർ
- ആരോഗ്യവകുപ്പിന്റെ ലഘുലേഖകൾ
- ചിത്രം/വീഡിയോ - പരിസരം മലിനമാകുന്ന സാഹചര്യങ്ങൾ.

ഉൽപ്പന്നങ്ങൾ

- ചർച്ചാക്കുറിപ്പ്
- പൂർത്തിയാക്കിയ ആശയ ചിത്രീകരണം
- പൂർത്തിയാക്കിയ പട്ടിക

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| പ്രവർത്തനം **1** | |



ചിത്രീകരണം നിരീക്ഷിച്ച ശേഷംപൊതുചർച്ച നടത്തുന്നു.

ചർച്ചാ സൂചകങ്ങൾ

- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായും മൂക്കും മറയ്ക്കുന്നത് എന്തിനാണ്?
- ഭക്ഷണസാധനങ്ങൾ അടച്ചു സൂക്ഷിക്കുന്നത് എന്തിനാണ്?

കണ്ടെത്തൽ വ്യക്തിഗതമായി എഴുതുന്നു.

ക്രോഡീകരണം

ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മൂക്കും വായും മറച്ചില്ലെങ്കിൽ ഒരാളിൽ നിന്നും രോഗാണുക്കൾ വായുവിൽ എത്തുന്നു. ഭക്ഷണസാധനങ്ങൾ അടച്ചു സൂക്ഷിച്ചില്ലെങ്കിൽ പ്രാണികൾ ഇവയിൽ വന്നിരിക്കുകയും പ്രാണികളിൽ നിന്നും രോഗാണുക്കൾ ആഹാരത്തിൽ എത്തുകയും ചെയ്യുന്നു.


സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്ന വിധം

മണ്ണും ചെളിയും പുരണ്ടാൽ കൈകാലുകൾ സോപ്പിട്ട് വൃത്തിയാക്കാറുണ്ടോ?

വൃത്തിയാക്കിയില്ലെങ്കിൽ ഉള്ള ദോഷഫലങ്ങൾ എന്തെല്ലാം?

വായു , മണ്ണ് , ജലം , ഭക്ഷണം എന്നിവ വഴി രോഗാണുക്കൾ നമ്മുടെ ശരീരത്തിൽ എത്തുന്നത് എങ്ങനെ?

| | |
|---|---|
| ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തുന്നു<br><br>വായു ,മണ്ണ് , ജലം , ഭക്ഷണം എന്നിവയിലൂടെ രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന രോഗങ്ങൾ കണ്ടെത്തുന്നതിനായി ആരോഗ്യവകുപ്പിന്റെ ലഘുലേഖകൾ ,അധ്യാപകൻ തയ്യാറാക്കിയ വായനക്കുറിപ്പുകൾ തുടങ്ങിയവ ഗ്രൂപ്പിൽ നൽകുന്നു .<br><br>ശേഖരിക്കേണ്ട വിവരങ്ങൾ<br><br>• വായുവിലൂടെ പകരുന്ന രോഗങ്ങൾ<br>• ജലവും ഭക്ഷണവും വഴി പകരുന്ന രോഗങ്ങൾ<br>• മണ്ണിലൂടെ പകരുന്ന രോഗങ്ങൾ<br><br>ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പുകൾ തയ്യാറാക്കി പങ്കുവയ്ക്കുന്നു.ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.<br>ശേഷം ആശയ ചിത്രീകരണം വ്യക്തിഗതമായി പൂർത്തിയാക്കുന്നു | |




വിലയിരുത്തൽ സൂചകം

മണ്ണ്, വായു, ജലം, ഭക്ഷണം എന്നിവ വഴി പകരുന്ന രോഗങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്.
ആശയ ചിത്രീകരണം
പൂർത്തിയാക്കിയിട്ടുണ്ട്.

പ്രവർത്തനം 2

ക്ലാസിൽ അടുത്ത പ്രശ്നം അവതരിപ്പിക്കുന്നു.


രോഗകാരികളായ സൂക്ഷ്മജീവികൾ ഒരാളിൽ നിന്നും മറ്റുള്ളവരിലേക്ക് കടക്കാൻ ഏതെങ്കിലും ജീവികൾ കാരണമാകുന്നുണ്ടോ?

ഒരു പൊതു ചർച്ച നടത്തുന്നു?

ചർച്ചാ സൂചകങ്ങൾ

- കൊതുക് കടിക്കുമ്പോൾ രോഗങ്ങൾ പിടിപെടാനുള്ള സാധ്യതകൾ.
- കൊതുകു മൂലം പകരുന്ന രോഗങ്ങൾ.
- ചെങ്കണ്ണ് ബാധിച്ചവർ ഉപയോഗിച്ചിട്ട്

| | |
|---|---|
| ടവ്വൽ ഉപയോഗിച്ചാൽ ഉള്ള ദോഷം,<br>• ജീവികൾ കടിച്ച പഴങ്ങൾ കഴിക്കാൻ പാടില്ല എന്തുകൊണ്ട്?<br><br>ശേഷം കൊതുക്, ഈച്ച, പക്ഷികൾ തുടങ്ങിയ ജീവികൾ പരത്തുന്ന രോഗങ്ങളുടെ പത്രവാർത്തക,വീഡിയോകൾ ആരോഗ്യവകുപ്പിന്റെ ലഘുലേഖകൾ ,അധ്യാപകൻ തയ്യാറാക്കിയ വായനാകുറിപ്പ് തുടങ്ങിയവ ക്ലാസ്സിൽ പങ്കു വെക്കുന്നു.<br>കുട്ടികൾ ലഭിച്ച വിവരങ്ങൾ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.<br><br>കുട്ടികൾ കണ്ടെത്തിയ രോഗാണു വാഹകരുടെ പേരുകൾ ശാസ്ത്ര പുസ്തകത്തിൽ കുറിക്കുന്നു.<br><br>കലാ വിദ്യാഭ്യാസത്തിൻറെ സാധ്യത<br>കുട്ടികളെ ഗ്രൂപ്പാക്കി<br>ഓരോ കുട്ടികളും രോഗാണു വാഹകരായിമാറി അവർ പരത്തുന്ന രോഗങ്ങൾ റോൾപ്ലേ ആയി അവതരിപ്പിക്കുന്നു.<br>മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു.<br><br>തുടർന്ന് ആശയചിത്രീകരണം<br>വ്യക്തിഗതമായി പൂർത്തിയാക്കുന്നു | |




ക്രോഡീകരണം
മണ്ണ് ,  വായു ,  ജലം , ഭക്ഷണം എന്നിവ വഴി സൂക്ഷ്മജീവികൾ ശരീരത്തിൽ പ്രവേശിക്കുന്നു.കൂടാതെ രോഗകാരികളായ സൂക്ഷ്മജീവികളെ നമ്മുടെ ശരീരത്തിലേക്ക് എത്തിക്കുന്ന രോഗാണുവാഹകരായ ചില ജീവികളും ഉണ്ട് .ഈച്ച , കൊതുക്,വവ്വാൽ, പക്ഷികൾ, മനുഷ്യർ എന്നിവരെല്ലാം ഇതിൽ ഉൾപ്പെടുന്നു.


വിലയിരുത്തൽ സൂചകങ്ങൾ

- രോഗാണു വാഹകരായ ജീവികളുടെ പേരുകൾ കണ്ടെത്തിയിട്ടുണ്ട്.
- ആശയ ചിത്രീകരണം പൂർത്തിയാക്കിയിട്ടുണ്ട്.

പ്രവർത്തനം **3**

ചുവടെയുള്ള ചിത്രീകരണങ്ങൾ കുട്ടികൾ നിരീക്ഷിക്കുന്നു.

<table>
<tr>
<td>



<br>
സമാന സാഹചര്യങ്ങൾ കുട്ടികളുടെ ചുറ്റുപാടിലും ഉണ്ടെങ്കിൽ അത് പങ്കുവയ്ക്കുന്നു.കുട്ടികൾഅതിന്റെഫോട്ടോകൾ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു .<br>
ശേഷം മലിനമായ സാഹചര്യത്തിൽ രോഗാണുവാഹകർ പെരുകുന്ന വീഡിയോ അധ്യാപിക പ്രദർശിപ്പിക്കുന്നു.രോഗാണു
</td>
<td></td>
</tr>
</table>

വാഹകരുടെ പേരുകളും അവ പെരുകുന്ന സാഹചര്യങ്ങളും വ്യക്തിഗതമായി രേഖപ്പെടുത്തുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവർത്തനം **4**

പരിസര ശുചിത്വം പാട്ടുകൾ അധ്യാപികയോ/ കുട്ടിയോ അവതരിപ്പിക്കുന്നു.
(കലാ വിദ്യാഭ്യാസത്തിന്റെ സാധ്യത)
ശേഷം മാലിന്യരഹിതമായ പരിസരത്തിന്റെ വീഡിയോ കുട്ടികളെ കാണിക്കുന്നു ?
തുടർന്ന് ഒരു ചർച്ച നടത്താവുന്നതാണ്?

ചർച്ച സൂചകങ്ങൾ

നമ്മുടെ ചുറ്റുപാടും ഈ രീതിയിൽ വൃത്തിയുള്ളതാണെങ്കിൽ രോഗാണു വാഹകരെ നിയന്ത്രിക്കാൻ സാധിക്കുമോ?

പരിസരം മാലിന്യരഹിതമാക്കാൻ എന്തെല്ലാം കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കും?ചർച്ച

സമൂഹത്തെ ബോധവൽക്കരിക്കാൻ നമുക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?

തുടർന്ന് വർക്ക് ഷീറ്റ് നൽകുന്നു

രോഗാണു വാഹകരുടെ പെരുകൽ നിയന്ത്രിക്കാൻ നിങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എടുത്തെഴുതുക.

1 . ഡസ്റ്റ് ബിന്നുകൾ അടച്ച് സൂക്ഷിക്കും
2 . വീട് മാത്രംയായി സൂക്ഷിക്കും
3 . ജലം കെട്ടി നിൽക്കാൻ സാധ്യതയുള്ള അവസരങ്ങൾ ഉണ്ടാക്കില്ല.
4 . ഉപേക്ഷിച്ച പ്ലാസ്റ്റിക് കവറുകളും കുപ്പികളും പരിസരങ്ങളിൽ വലിച്ചെറിയും.
5 . മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ

| | |
|---|---|
| വലിച്ചെറിയില്ല.<br>6 . ഓടകൾ വൃത്തിയാക്കി സൂക്ഷിക്കും.<br><br><br>രോഗാണുവാഹകരുടെ പെരുകൽ നിയന്ത്രിക്കാൻ ഞാൻ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്ന തലക്കെട്ടിൽ വർക്ക് ഷീറ്റ് പൂർത്തിയാക്കുക.<br><br>പൂർത്തിയാക്കിയ വർക്ഷീറ്റ് വിലയിരുത്തലിന് വിധേയമാക്കു | |